# Call on Prime Minister by President-Elect of the 76th UN General Assembly and Foreign Minister of Maldives H.E. Abdulla Shahid

July 23, 2021

---

**76 മത് ഐക്യരാഷ്ട്ര സഭ ജനറൽ അസ്സെംബ്ളിയുടെ നിയുക്ത പ്രസിഡന്റും മാലദ്വീപ് വിദേശകാര്യമന്ത്രിയുമായ ശ്രീ അബ്ദുല്ല ഷാഹിദുമായുള്ള പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച**

ജൂലൈ 23, 2021

76 മത് ഐക്യരാഷ്ട്ര സഭ ജനറൽ അസ്സെംബ്ളിയുടെ (UNGA) നിയുക്ത പ്രസിഡന്റും മാലദ്വീപ് വിദേശകാര്യമന്ത്രിയുമായ ശ്രീ അബ്ദുല്ല ഷാഹിദ് പ്രധാനമന്ത്രി നരേന്ദ്ര മോഡിയുമായി ഇന്ന് കൂടി കാഴ്ച നടത്തും.

2021 ജൂലൈ 7 നു ന്യൂയോർക്കിൽ നടന്ന തിരഞ്ഞെടുപ്പിന് ശേഷം 76 മത് UNGA സെഷൻ പ്രസിഡണ്ട് എന്ന നിലയിൽ ആദ്യമായാണ് ശ്രീ അബ്ദുല്ല ഇന്ത്യ സന്ദർശിക്കുന്നത്.

തിരഞ്ഞെടുപ്പിലെ വിജയത്തിൽ പ്രധാനമന്ത്രി ശ്രീ അബ്ദുല്ല ഷാഹിദിന് ആശംസകൾ നൽകി കൂടാതെ ഇത് ആഗോളതലത്തിൽ മാൽദ്വീപുകളുടെ പുരോഗമന മുന്നേറ്റത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നും അദ്ദേഹം നിരീക്ഷിച്ചു.

അദ്ദേഹത്തിന്റെ ദാർശനികമായ പ്രസ്താവനയായ "പ്രതീക്ഷയുടെ അധ്യക്ഷത" എന്നതിനെ അദ്ദേഹം അഭിനന്ദിക്കുകയും അധ്യക്ഷത കാലയളവിലുടനീളം ഇന്ത്യയുടെ പൂർണമായ പിന്തുണയും സഹകരണവും ഉറപ്പു നൽകുകയും ചെയ്തു.

ലോകത്തിൽ നിലവിലുള്ള യാഥാർത്ഥ്യങ്ങളെയും ലോക ജനസംഖ്യയുടെ ബഹുഭൂരിപക്ഷത്തിന്റെയും ആവശ്യങ്ങളെയും പ്രതിഫലിപ്പിക്കുന്നതിനായി ഐക്യരാഷ്ട്ര സഭ ഘടകങ്ങൾ ഉൾപ്പെടെയുള്ള ബഹുരാഷ്ട്ര വ്യവസ്ഥയെ പരിഷ്കരിക്കുന്നതിന്റെ പ്രാധാന്യം പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

സമീപകാലത്ത് ഇന്ത്യ-മാലദ്വീപ് ഉഭയകക്ഷി ബന്ധത്തിലുണ്ടായിരിക്കുന്ന ദ്രുതഗതിയിലുള്ള വളർച്ചയെക്കുറിച്ചും പ്രധാനമന്ത്രിയും ശ്രീ അബ്ദുല്ല ഷാഹിദും

ചേർന്ന് ചർച്ച ചെയ്തു. കോവിഡ് -19 പകർച്ചവ്യാധിയുടെ പരിമിതികൾക്കിടയിലും ഉഭയകക്ഷി പദ്ധതികൾ നന്നായി പുരോഗമിക്കുകയാണെന്നതിൽ പ്രധാനമന്ത്രി സംതൃപ്തി പ്രകടിപ്പിച്ചു. ഇന്ത്യയുടെ അയൽ രാജ്യങ്ങൾക്ക് മുൻഗണന നയത്തിന്റെയും SAGAR ദർശനത്തിന്റെയും പ്രധാന സ്തംഭമെന്ന നിലയിൽ മാലിദ്വീപിന്റെ പ്രാധാന്യം അദ്ദേഹം എടുത്തുപറഞ്ഞു

**ന്യൂ ഡൽഹി**
**ജൂലൈ 23, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.